(13) ചാലിയാർ റെഗുലേറ്റർ-കം ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനം

ശ്രീ. പി.കെ.കെ. ബാവ : മലപ്പുറം, കോഴിക്കോട് ജില്ലകളെ ബന്ധിപ്പിക്കുന്ന കവണക്കല്ല് റെഗുലേറ്റർ-കം ബ്രിഡ്ജിന്റെ പണി പൂർത്തിയാക്കണം എന്നാണ് എന്റെ ആവശ്യം. ഈ ആവശ്യം ഞാൻ ഇതിനുമുമ്പും ഈ സഭയിൽ ഉന്നയിച്ചതാണ്. എന്നാൽ ബഹുമാനപ്പെട്ട മന്ത്രി അന്നു പറഞ്ഞത് '98 സെപ്റ്റംബറിൽ അതിന്റെ പണി പൂർത്തിയാക്കുമെന്നാണ്. പക്ഷേ ഇന്നും വഞ്ചി തിരുനക്കര തന്നെ. അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിന് ഇതുവരെ ടി.എസ്.. കിട്ടിയില്ല. അതുപോലെ മലപ്പുറം ഭാഗത്ത് റഗുലേറ്ററിനു താഴെ സംരക്ഷണ ഭിത്തി കെട്ടുന്നതിനുള്ള അനുമതിയും ലഭിച്ചിട്ടില്ല. ഷട്ടറിന്റെ പണിയും വളരെയേറെ മന്ദഗതിയിലാണ്. വിവിധ ഉദ്ദേശത്തോടെ വിഭാവനം ചെയ്ത ഈ പദ്ധതി മലപ്പുറം ജില്ലയുടെയും കോഴിക്കോട് ജില്ലയുടെയും കാർഷിക വികസനത്തിനും ശുദ്ധജല വിതരണത്തിനും വ്യാവസായിക ജല വിനിയോഗത്തിനും ജല ഗതാഗതത്തിനും മത്സ്യ ഗതാഗതത്തിനും സമ്പത്തിന്റെ വളർച്ചയ്ക്കും ടൂറിസത്തിന്റെ വികസനത്തിനും ഏറെ പ്രയോജനം ചെയ്യുന്ന ഒന്നാണ്. അതുകൊണ്ട് ഈ കവണക്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജ് എത്രയും വേഗം പൂർത്തിയാക്കിത്തരണമെന്ന് ഞാൻ ബഹു. മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, മലപ്പുറം ജില്ലയിൽ ചാലിയാർപ്പുഴയ്ക്കു കുറുകെ കവണക്കല്ലിൽ പാലത്തോടുകൂടിയ ഒരു റഗുലേറ്റർ പണിയുന്നതിന് 820 ലക്ഷം രൂപ മതിപ്പു ചെലവ് വരുന്ന ഒരു പദ്ധതിക്ക് സർക്കാർ 18.02.1992-ൽ ഭരണാനുമതി നൽകുകയുണ്ടായി. ടെന്റേറ്റീവ് ഡിസൈൻ അനുസരിച്ച് ഇതിന് ഇറിഗേഷൻ ചീഫ് എഞ്ചിനീയർ 02.09.1999-ൽ 840 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകി. ഏകദേശം 2000 ഹെക്ടർ സ്ഥലം ജലസേചനത്തിന് ഉപയുക്തമാക്കുവാനും ചാലിയാർപ്പുഴയിലേക്ക് ഉപ്പുവെള്ളം കുറയുന്നത് തടയുവാനും, മാവൂർ ഗ്വാളിയാർ റയോൺസിലേക്കുള്ള ജലസ്രോതസ്സ് വർദ്ധിപ്പിക്കുവാനും, കോഴിക്കോട് നഗരസഭ, മാവൂർ പഞ്ചായത്ത്, മുക്കം പഞ്ചായത്ത്, റീജിയണൽ എഞ്ചിനീയറിംഗ് കോളേജ് മുതലായ സ്ഥലങ്ങളിലേയ്ക്ക് കുടിവെള്ളം കൊടുക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ള ഈ റഗുലേറ്റർ-കം-ബ്രിഡ്ജ് കോഴിക്കോട്, മലപ്പുറം ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒന്നാകയാൽ ഈ ഭാഗത്തേയ്ക്കുള്ള യാത്രാസൗകര്യം മെച്ചപ്പെടുത്തുകയും ചെയ്യും. മൈനർ ഇറിഗേഷൻ ക്ലാസ്സ്-1 സ്കീമിൽ ഉൾപ്പെടുത്തി 17.06.1992-ൽ ടെണ്ടർ ചെയ്ത ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുകയാണ്. ടെന്റേറ്റീവ് ഡിസൈൻ പ്രകാരമാണ് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. നിർമ്മാണ ഘട്ടത്തിലാണ് ഇതിന്റെ വിശദമായ ഡിസൈൻ ലഭ്യമായത്. ടെൻഡർ ചെയ്ത് കരാർ ഉറപ്പിച്ച നിർമ്മാണ പ്രവർത്തനങ്ങളിൽ ബ്രിഡ്ജ്-കം-റഗുലേറ്ററിന്റെ സിവിൽ വർക്കുകൾ മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. പാലത്തിനോട് ബന്ധപ്പെട്ട അപ്രോച്ച് റോഡ്, റഗുലേറ്ററിന്റെ ഷട്ടറുകൾ എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ തുക ആദ്യത്തെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല. അതിനാൽ റോഡുകളുടെ ടാറിംഗ്, സംരക്ഷണ ഭിത്തിയുടെ നിർമ്മാണം, റഗുലേറ്റർ ഷട്ടറുകൾ എന്നിവ ഉൾപ്പെടുത്തി തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റ് ഗവൺമെന്റിന്റെ പരിഗണനയിലാണ്. അടിയന്തിരമായി അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഈ പദ്ധതിക്കുവേണ്ടിവരുന്ന തുകയിൽ ഗ്വാളിയാർ റയോൺസ് 200 ലക്ഷം രൂപയും കേരള ജല അതോറിറ്റി 100 ലക്ഷം രൂപയും

LIBRARY ARCHIVES Kerala Legislative Assembly

വഹിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പണം ലഭ്യമാക്കുന്നതിന് നബാർഡിന്റെ സഹായവും ഉണ്ട്; 730 ലക്ഷം രൂപ നബാർഡിന്റെ സഹായമായി ലഭിക്കുന്നതാണ്.

(14) ആലപ്പുഴയിലെ കനാലുകളുടെ ശുദ്ധീകരണം

[11 AM] ശ്രീ. കെ.സി. വേണുഗോപാൽ : സർ, ഈ പ്രശ്നം രണ്ടുമൂന്നു പ്രാവശ്യം ഇവിടെ ഉന്നയിച്ചതാണ്. 'കിഴക്കിന്റെ വെനീസ്' എന്നു പറയുന്ന സ്ഥലമാണ് ആലപ്പുഴ. അത് പറയാൻ പ്രധാനപ്പെട്ട കാരണം ആലപ്പുഴയിലെ കനാലുകളാണ്. ഒരു കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ ഭംഗി ആലപ്പുഴയ്ക്ക് നൽകിയ കനാലുകൾ ഇന്ന് ഒരു ശാപമായി മാറിയിരിക്കുകയാണ്. വേസ്റ്റുകളൊക്കെ ഡംപ് ചെയ്യുന്ന ഡംപിംഗ് യാർഡായി ആലപ്പുഴയിലെ കനാലുകൾ മാറിക്കൊണ്ടിരിക്കുകയാണ്. കനാലുകളിൽ ഒഴുക്ക് ഉണ്ടാക്കിയെടുത്ത് അത് കടലുമായി ബന്ധിപ്പിക്കാനും, ഉപ്പുവെള്ളം കയറ്റാനുമുള്ള പദ്ധതികൾ ഇല്ലാത്തതുകൊണ്ട് ഈ കനാലുകൾ പൂർണ്ണമായും നശിച്ചുകിടക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. അത് ആലപ്പുഴയിലെ മുഴുവൻ ആൾക്കാരെയും ബാധിച്ചിട്ടുണ്ട്. രോഗാതുരമായ ഒരു സാഹചര്യം അവിടെ ഉണ്ടാക്കിയിട്ടുണ്ട്. അതുകൊണ്ടാണ് കോളറ പോലുള്ള രോഗങ്ങൾ പടർന്നു പിടിക്കാൻ സാഹചര്യമുണ്ടായത് എന്ന് എല്ലാവർക്കും അറിയാം. ഏറ്റവും ഗുരുതരമായ ഒരു സ്ഥിതി വിശേഷമാണ് ആ വലിയ പട്ടണത്തിന് വന്നിരിക്കുന്നത്. പലപ്രാവശ്യം ഞാൻ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഉത്തരവാദപ്പെട്ട സമിതികൾ മുഖേന റിപ്പോർട്ട് കൊടുത്തിട്ടുണ്ട്. നിയമസഭയുടെ പരിസ്ഥിതി കമ്മിറ്റി ഇതിനെ സംബന്ധിച്ച് സ്റ്റഡി നടത്തി ഒരു പ്രോജക്ട് റിപ്പോർട്ടുതന്നെ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. എനിക്ക് പറയാനുള്ളത് ഈ കനാലിന്റെ കാര്യത്തിൽ ഇറിഗേഷൻ വകുപ്പിന് മാത്രമല്ല മുനിസിപ്പൽ അധികാരികളും ടൂറിസം വകുപ്പും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റും ഭാഗഭാക്കാകേണ്ടതായിട്ടുണ്ട്. എല്ലാ വകുപ്പുകളും കൂടി സംയോജിപ്പിച്ച് ബൃഹത്തായ ഒരു കർമ്മ പദ്ധതി ആവിഷ്ക്കരിച്ചെങ്കിൽ മാത്രമേ ഈ കനാലുകൾ രക്ഷപ്പെടൂ. അതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി കനാലുകൾക്ക് ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട മന്ത്രിമാരടക്കമുള്ളവരുടെ യോഗം വിളിച്ചുകൂട്ടി ഇത് പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, ആലപ്പുഴ നഗരത്തിലെ കനാലുകൾ നവീകരിക്കുന്നതിനു വേണ്ടി ആലപ്പുഴ വികസന അതോറിറ്റി തയ്യാറാക്കിയ ഒരു പ്രോജക്ട് റിപ്പോർട്ട് സർക്കാരിന് ലഭിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനായി കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പു സെക്രട്ടറി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ ഒരു യോഗം 13.1.1999-ൽ വിളിച്ചു കൂട്ടുകയും പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ എടുക്കുകയുമുണ്ടായി. ആലപ്പുഴ കനാൽ സംവിധാനത്തിന്റെ അടിസ്ഥാനപരമായ അപാകത ജലനിർഗ്ഗമനത്തിനുള്ള അപര്യാപ്തതയാണ്. ആയതിനാൽ കനാലിലെ ജലപ്രവാഹം സുഗമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഒരു പുതിയ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ആലപ്പുഴ കനാൽ നവീകരണ പദ്ധതി നടപ്പിലാക്കുന്നതിന് മുനിസിപ്പാലിറ്റി, ജില്ലാ പഞ്ചായത്ത് തുടങ്ങിയ തദ്ദേശ സ്വയം ഭരണ സ്ഥാപന

LIBRARY ARCHIVES Kerala Legislative Assembly